ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 11.03.2025**

## പ്രധാനവാർത്തകൾ

1. വിദേശ പര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി മൗറീഷ്യസ് പ്രസിഡൻറ് ധരംബീർ ഗോഖുലുമായി കൂടിക്കാഴ്ച നടത്തി. മൗറീഷ്യസിലെ ഇന്ത്യൻ പ്രവാസി സമൂഹത്തെ പ്രധാനമന്ത്രി ഇന്ന് അഭിസംബോധന ചെയ്യും.

2. ആശാ പ്രവർത്തകർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര സർക്കാർ പരിഗണിക്കുന്നതായി കേന്ദ്ര ആരോഗ്യമന്ത്രി ജെ. പി നഡ്ഡ.

3. വയനാട് പുനരധിവാസം സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. ദുരന്ത ബാധിതർക്കുള്ള ടൗൺ ഷിപ്പിന്റെ തറക്കല്ലിടൽ ഈ മാസം 27 ന് നടക്കുമെന്ന് മന്ത്രി കെ രാജൻ.

4. വിഴിഞ്ഞം തുറമുഖത്തിൻറെ തുടർഘട്ടങ്ങളുടെ നിർമ്മാണം ഉടൻ ആരംഭിക്കുമെന്ന് മന്ത്രി വി എൻ വാസവൻ.

5. ആറ്റുകാൽ പൊങ്കാലക്ക് ഒരുങ്ങി തിരുവനന്തപുരം. നഗരത്തിൽ നാളെ മുതൽ ഗതാഗത നിയന്ത്രണം.

6. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ബെംഗളൂരു എഫ്സി, മുംബൈ സിറ്റിയെ നേരിടും.

*************************************

## പ്രധാനമന്ത്രി - മൗറീഷ്യസ്

പ്രധാനമന്ത്രി നരേന്ദ്രമോദി മൗറീഷ്യസ് പ്രസിഡൻറ് ധരംബീർ ഗോഖുലുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയിൽ നിന്നുള്ള വിശിഷ്ട ഉപഹാരങ്ങൾ അദ്ദേഹം കൂടിക്കാഴ്ചയിൽ കൈമാറി. മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലത്തിനൊപ്പം ബൊട്ടാണിക്കൽ ഗാർഡൻ സന്ദർശിച്ച പ്രധാനമന്ത്രി വൃക്ഷത്തൈയും നട്ടുപിടിപ്പിച്ചു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് രാവിലെ പോർട്ട് ലൂയിസിലെത്തിയ ശ്രീ മോദിക്ക്, മൗറീഷ്യസ് പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഊഷ്മള വരവേൽപാണ് ലഭിച്ചത്. മൗറീഷ്യസിലെ ഇന്ത്യൻ പ്രവാസി സമൂഹത്തെയും അദ്ദേഹം ഇന്ന് അഭിസംബോധന ചെയ്യും. ഇന്ത്യൻ സഹായത്തോടെ മൗറീഷ്യസിൽ നിർമിച്ച 20 അടിസ്ഥാന സൗകര്യ പദ്ധതികളുടെ ഉദ്ഘാടനവും ശ്രീ മോദി നിർവഹിക്കും. മൗറീഷ്യസ് ദേശീയ ദിനാഘോഷങ്ങളിൽ അദ്ദേഹം നാളെ വിശിഷ്ടാതിഥിയായി പങ്കെടുക്കും.

**************************************

RNU TVPM

## ജെ. പി നഡ്ഡ - ഇൻട്രോ

ആശാ പ്രവർത്തകർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര സർക്കാർ പരിഗണിക്കുന്നതായി കേന്ദ്ര ആരോഗ്യമന്ത്രി ജെ. പി നഡ്ഡ. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സ്റ്റിയറിങ്ങ് കമ്മിറ്റി യോഗത്തിൽ ഇത് സംബന്ധിച്ച തീരുമാനമുണ്ടായെന്നും സന്തോഷ് കുമാർ എം പിയുടെ ചോദ്യത്തിന് മറുപടിയായി മന്ത്രി രാജ്യസഭയിൽ പറഞ്ഞു. ആശാ വർക്കർമാരുടെ കഠിനാധ്വാനത്തെ അഭിനന്ദിക്കുന്നെന്ന് പറഞ്ഞ മന്ത്രി കേരളത്തിന് നൽകാനുള്ള കുടിശിക എല്ലാം നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കി. വിനിയോഗിച്ച തുകയുടെ

കണക്ക് നൽകിയ ശേഷം ഇനിയുള്ള തുക നൽകുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

ആശാവർക്കർമാരുടെ ഓണറേറിയം 21,000 ആക്കി ഉയർത്തണമെന്ന് കേരളത്തിൽ നിന്നുള്ള എംപിമാർ പാർലമെൻറിൽ ആവശ്യം ഉയർത്തിയിരുന്നു.

*************************************

## നിയമസഭ

വയനാട് പുനരധിവാസം സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. ഉരുൾപൊട്ടൽ ദുരന്തം ഉണ്ടായി എട്ടു മാസം ആകാറായിട്ടും ദുരിതബാധിതരുടെ അന്തിമ പട്ടിക പ്രസിദ്ധീകരിച്ചില്ലെന്ന് ചൂണ്ടിക്കാട്ടി പ്രതിപക്ഷത്ത് നിന്ന് ടി സിദ്ധിക്ക് ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. പുനരധിവാസത്തിൽ സർക്കാർ ആദ്യം കാണിച്ച ആവേശം ഇപ്പോളില്ലെന്നും പ്രതിപക്ഷം ആരോപിച്ചു. കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ കേരളത്തെ അവഗണിക്കുന്നതായി പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പറഞ്ഞു. അതേസമയം വയനാട് പുനരധിവാസ പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടായിട്ടില്ലെന്ന് റവന്യു മന്ത്രി കെ രാജൻ മറുപടി നൽകി. ദുരന്ത ബാധിതർക്കുള്ള ടൌൺ ഷിപ്പിന്റെ തറക്കല്ലിടൽ ഈ മാസം 27 ന് നടക്കുമെന്നും മന്ത്രി അറിയിച്ചു.

RNU TVPM

*************************************

## വി എൻ വാസവൻ - വിഴിഞ്ഞം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൻറെ തുടർഘട്ടങ്ങളുടെ നിർമ്മാണം ഉടൻ ആരംഭിക്കുമെന്ന് മന്ത്രി വി എൻ

വാസവൻ. തുറമുഖത്തിൻറെ 2,3 ഘട്ടങ്ങൾക്കുള്ള പാരിസ്ഥിതികാനുമതി, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും കഴിഞ്ഞ ദിവസം ലഭിച്ചിരുന്നു. തുടർഘട്ടങ്ങൾ പൂർത്തിയാകുന്നതോടെ തുറമുഖത്തിൻറെ ശേഷി ഒന്നിൽ നിന്നും മൂന്ന് മില്യൺ ടി.ഇ.യു ആയി ഉയരുമെന്നും, അഹമ്മദ് ദേവർകോവിലിൻറെ ശ്രദ്ധാക്ഷണിക്കലിന് മറുപടിയായി മന്ത്രി നിയമസഭയെ അറിയിച്ചു. തുറമുഖം പൂർണ്ണ ശേഷി കൈവരിക്കുന്നതോടു കൂടി കേരളത്തിൽ വലിയ തോതിലുള്ള വാണിജ്യ-വ്യാവസായിക വളർച്ചയുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

*************************************

## വിഴിഞ്ഞം തുറമുഖം - വികസനം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിനായി ഭൂമി കണ്ടെത്തുന്നത് കടൽ നികത്തിയായിരിക്കുമെന്ന് തുറമുഖ കമ്പനി അറിയിച്ചു. സ്വകാര്യ ഭൂമി ഇതിനായി ഏറ്റെടുക്കില്ല. കണ്ടെയ്നർ യാർഡ് നിർമ്മിക്കാൻ ആവശ്യമായ 77 ഹെക്ടർ വിസ്തൃതിയിലുള്ള ഭൂമിയാണ് ഡ്രെജിങ്ങിലൂടെ കടൽ നികത്തി കണ്ടത്തുക. ജേഡ് സർവീസിന്റെ ഭാഗമായുള്ള രണ്ടാമത്തെ മദർഷിപ്പ് MSC മിർജം ഇന്ന് വിഴിഞ്ഞം തുറമുഖത്ത് എത്തിച്ചേർന്നിരുന്നു.

*************************************

## വി ശിവൻകുട്ടി

സ്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളികൾക്ക് ജനുവരി മാസത്തിലെ ഓണറേറിയം വിതരണം ചെയ്യുന്നതിന് 18 കോടി 63 ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി വി ശിവൻകുട്ടി.

RNU TVPM

13,453 പാചക തൊഴിലാളികൾക്കാണ് ഓണറേറിയം ലഭിക്കുക. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി 2025 ജനുവരി മാസത്തിൽ മുട്ടയും പാലും വിതരണം ചെയ്ത ഇനത്തിൽ ഇരുപത്തിരണ്ട് കോടി അറുപത്തിയാറ് ലക്ഷം രൂപ അനുവദിച്ചതായും മന്ത്രി അറിയിച്ചു.

***********************************

## ആറ്റുകാൽ പൊങ്കാല – ഇൻട്രോ

ആറ്റുകാൽ പൊങ്കാലക്ക് ഒരുങ്ങി തിരുവനന്തപുരം. നാളെ ഉച്ച മുതൽ പൊങ്കാല ദിവസമായ മറ്റന്നാൾ രാത്രി 8 മണി വരെ നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ഭക്തർക്കായി കെ.എസ്.ആർ.ടി.സിയും, റെയിൽവേയും പ്രത്യേക സർവീസുകളും നടത്തും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

**(വോയ്സ്)**

RNU TVPM

***********************************

## ആറ്റുകാൽ പൊങ്കാല-ഹീറ്റ് ക്ലിനിക്കുകൾ

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് സംസ്ഥാന ആരോഗ്യ വകുപ്പ് വിപുലമായ ആരോഗ്യ സേവനങ്ങൾ സജ്ജമാക്കി വരുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സുസജ്ജമായ മെഡിക്കൽ ടീമുകൾക്ക് പുറമേ ഉയർന്ന ചൂട് കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് മതിയായ പരിചരണവും ചികിത്സയും നൽകാനായി ഹീറ്റ് ക്ലിനിക്കുകളും ആരംഭിക്കും. ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ പ്രത്യേക സ്ക്വാഡിനൊപ്പം കൺട്രോൾ റൂമും സജ്ജീകരിച്ചിട്ടുണ്ട്.

************************************

## പാതിവില തട്ടിപ്പ്

പാതിവില തട്ടിപ്പ് കേസിൽ സായിഗ്രാം ട്രസ്റ്റ് ചെയർമാൻ കെ എൻ ആനന്ദകുമാറിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. മുൻകൂർ ജാമ്യാപേക്ഷ തിരുവന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതി തള്ളിയതിന് പിന്നാലെയാണ് നടപടി. കസ്റ്റഡിയിൽ എടുത്തതിനു പിന്നാലെ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട ആനന്ദ കുമാറിനെ ആശുപത്രിയിലേക്ക് മാറ്റി.

************************************

## നിക്ഷേപകൻ ആത്മഹത്യ

കോന്നി റീജിയണൽ സഹകരണബാങ്കിൽ നിക്ഷേപിച്ച 11 ലക്ഷം രൂപ തിരികെ ലഭിക്കാത്തതിനെ തുടർന്ന് നിക്ഷേപകൻ ആത്മഹത്യയ്ക്ക് ശ്രമിച്ചു. കോട്ടയം മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ച കോന്നി പയ്യനാമൺ സ്വദേശി ആനന്ദൻ വെന്റിലേറ്ററിൽ തുടരുകയാണ്.

RNUTVPM

************************************

## തോമസ് ഗബ്രിയേൽ - ജോർദാൻ

ജോർദാനിൽ വെടിയേറ്റ് മരിച്ച തിരുവനന്തപുരം സ്വദേശി തോമസ് ഗബ്രിയേൽ പെരേരയുടെ മൃതദേഹം തുമ്പ സെന്റ് ജോൺസ് പള്ളിയിൽ സംസ്കരിച്ചു. ഇന്ന് പുലർച്ചെ 4 മണിയോടെയാണ് മൃതദേഹം തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിച്ചത്. മന്ത്രി ജി ആർ അനിൽ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ ഉൾപ്പെടെയുള്ള പ്രമുഖർ അന്തിമോപചാരം അർപ്പിച്ചു.

************************************

## സൗരോർജ്ജ തൂക്കുവേലി-നിലംബൂർ താലൂക്ക്

നിലമ്പൂർ താലൂക്കിലെ 27 കിലോമീറ്റർ സ്ഥലത്ത് സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിന് കൃഷിവകുപ്പും വനംവകുപ്പും സംയുക്ത ധാരണയായി. മനുഷ്യ- വന്യജീവി സംഘർഷം മൂലം സ്വകാര്യ കൃഷിയിടങ്ങളിൽ കൃഷിനാശം തടയുന്നതിനാണ് നടപടി.

************************************

## അനധികൃത ഗ്യാസ് ഫില്ലിങ്ങ് കേന്ദ്രം - കൊല്ലം

കൊല്ലം കൊട്ടിയത്ത് അനധികൃത ഗ്യാസ് ഫില്ലിങ്ങ് കേന്ദ്രം കണ്ടെത്തി. നൂറോളം സിലിണ്ടറുകൾ ഇവിടെ നിന്നും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ പിടിച്ചെടുത്തു. ആയിരക്കണക്കിന് സിലിണ്ടറുകൾ നിറച്ചതിൻറെ തെളിവുകളും കണ്ടെത്തി. ഗാർഹികാവശ്യത്തിനുള്ള സിലിണ്ടറിൽ നിന്ന് വാണിജ്യാവശ്യത്തിനുള്ള സിലിണ്ടറിലേക്ക് ഗ്യാസ് മാറ്റുകയായിരുന്നു ഇവിടെ ചെയ്തിരുന്നത്.

RNU TVPM

************************************

## ഐ.എസ്.എൽ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന് ബെംഗളൂരു എഫ്സി, മുംബൈ സിറ്റിയെ നേരിടും. ബെംഗളൂരുവിലെ ശ്രീ കണ്ഠീരവ സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം.

************************************

**WPL ക്രിക്കറ്റ്**

WPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് - റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. രാത്രി 07:30 ന് മുംബൈയിലാണ് മത്സരം.

*************************************

**ചൂട്**

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കേന്ദ്ര കാലാവസ്ഥാ വകുപ്പ് എല്ലാ ജില്ലകളിലും താപനില മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് താപനില 38 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കന്യാകുമാരി തീരത്ത് നാളെ വൈകുന്നേരം വരെ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.

RNU TVPM

*************************************

**ഓഹരി + സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ സമ്മിശ്ര പ്രതികരണം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 12 പോയിൻറ് ഇടിഞ്ഞ് 74,102 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 37 പോയിൻറ് നേട്ടത്തിൽ 22,497 ലും ഇന്ന് വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ ഇടിവ്. പവന് 240 രൂപ കുറഞ്ഞ് 64,160 ഉം ഗ്രാമിന് 30 രൂപ കുറഞ്ഞ് 8,020 രൂപയുമാണ് ഇന്നത്തെ വില.

*******************************************************

*************************************

**********************